## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2019

19.06.2012 ൽ മറുപടിയ്ക്ക്

### വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. സി. മമ്മൂട്ടി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക പാക്കേജിൽ കേരളത്തിന് ദോഷകരമായ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാറിന് നിവേദനം നൽകുകയും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തുകയും, ആയതിന്റെയടിസ്ഥാനത്തിൽ തുടർന്ന് ഡൽഹിയിൽ വച്ച് ഉദ്യോഗസ്ഥതലത്തിൽ ചർച്ച നടത്തുകയും, കേരളത്തിന്റെ പ്രശ്നങ്ങൾ പ്രത്യേകം പരിശോധിക്കേണ്ടിയിരിക്കുന്നു എന്ന നിഗമനത്തിൽ എത്തിച്ചേരുകയും പാക്കേജ് നടപ്പിലാക്കുന്നതിന് കേരളത്തിന് ചില വ്യവസ്ഥകളിൽ ഇളവുകൾ അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ നബാർഡിനെ ചുമതലപ്പെടുത്തുകയുമുണ്ടായി. |
| (ബി) പ്രസ്തുത ശുപാർശകൾ നടപ്പാക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കുമോ; | (ബി) നാളിതുവരെ സംസ്ഥാന സർക്കാർ പാക്കേജ് പ്രകാരമുള്ള ധാരണാ പത്രത്തിൽ ഒപ്പിടാൻ തീരുമാനിച്ചിട്ടില്ല. |
| (സി) മുൻ സർക്കാരിന്റെ കാലത്ത്, ഇക്കാര്യത്തിൽ നിശ്ചയിച്ചിരുന്ന കാലപരിധിക്കുള്ളിൽ തീരുമാനം കൈക്കൊള്ളാതെ നീട്ടിക്കൊണ്ടു പോകാനുള്ള കാരണങ്ങൾ | (സി) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക പാക്കേജിൽ കേരളത്തിന് ദോഷരമായ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന ആവശ്യം കേന്ദ്ര സർക്കാറിനോട് |

എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ;

ഉന്നയിച്ചിട്ടുള്ളതിനാലാണ് മുൻ സർക്കാരിന്റെ കാലത്ത് ധാരണാപത്രത്തിൽ ഒപ്പിടാത്തത്.

(ഡി) വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിലൂടെ സംസ്ഥാന സഹകരണ മേഖലയ്ക്ക് ഉണ്ടാകാവുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

(ഡി) വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിലൂടെ സംസ്ഥാന സഹകരണ മേഖലയ്ക്ക് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1) റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന പ്രൂഡൻഷ്യൽ നോംസ് ബാധകമാകുന്നതിലൂടെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളുടെ സാമ്പത്തിക അടിത്തറ ശക്തമാകുന്നു.

2) സഹകരണ ബാങ്കുകളുടെ ഭരണ സമിതിയെ പിരിച്ചു വിടുന്നതിനുള്ള രജിസ്ട്രാറുടെ/സർക്കാരിന്റെ അധികാരത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നു.

3) വായ്പ സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി ഒഴിവാക്കുന്നതിലൂടെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾക്ക് കൂടുതൽ ശാഖകൾ ആരംഭിക്കുവാൻ അവസരം ലഭിക്കുന്നു.

4) സാമ്പത്തിക വിഷയത്തിൽ സർക്കാരിന്/രജിസ്ട്രാർക്ക് സഹകരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാനുള്ള അധികാരം ഒഴിവാക്കുന്നതിലൂടെ ബാങ്കുകൾക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം ലഭിക്കുന്നു.

5) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ബാങ്കുകളുടെ സാമ്പത്തിക സ്ഥിതിക്ക് അനുസൃതമായി നടപ്പിലാക്കാൻ ഭരണ സമിതിക്ക് അധികാരം ലഭിക്കുന്നു.

6) പൊതുവിതരണം, രാസവളം വിൽപ്പന, കാർഷിക ഉൽപന്നങ്ങളുടെ സംഭരണം/വിതരണം എന്നിവ സംബന്ധിച്ച് സർക്കാരിന്/രജിസ്ട്രാർക്ക് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകാനുള്ള അധികാരം നഷ്ടമാകുന്നതിലൂടെ ടി

പ്രവർത്തനങ്ങളിലൂടെ ബാങ്കുകൾക്ക് ഉണ്ടാകാൻ സാദ്ധ്യതയുള്ള നഷ്ടം ഒഴിവാക്കാൻ സാധിക്കുന്നു.

സെക്ഷൻ ഓഫീസർ